ചർച്ച

# ലൗ ജിഹാദ്, ദലിത് തീവ്രവാദം സവർണ പൊതുബോധത്തിന്റെ രാഷ്ട്രീയം

## വാർത്തയാവുന്നത് സാങ്കൽപിക കഥകൾ

**അഡ്വ. കെ.എൻ.എ ഖാദർ**
(മുസ്‌ലിം ലീഗ് സ്റ്റേറ്റ് കമ്മിറ്റിയംഗം)



**ലൗ** ജിഹാദ്, ദലിത് തീവ്രവാദം എന്നീ രണ്ട് സംഭവങ്ങളെ ഒരുമിച്ചെടുത്തതിൽ അപാകതയുണ്ട്. രണ്ടും രണ്ടായി ചർച്ച ചെയ്യപ്പെടണം. ലൗ ജിഹാദ് എന്നത് ജിഹാദിനെ സ്നേഹിക്കുന്നു എന്ന അർഥത്തിലാണെങ്കിൽ അതിനെ പിന്തുണക്കേണ്ടതാണ്. പ്രണയം നടിച്ച് അന്യമതസ്ഥരായ പെൺകുട്ടികളെ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അത് തിരസ്കരിക്കപ്പെടേണ്ടതാണ്. സ്മാർട്ട് ഫ്രന്റ് എന്ന പേരിൽ ഓരോ പ്രേമത്തിനും ബത്ത നൽകി പ്രോത്സാഹിപ്പിക്കുന്ന സംഘടന കേരളത്തിൽ പ്രവർത്തിക്കുന്നു എന്ന സംഘ്പ്രചാരണം വ്യാജമാണ്. ധാരാളം മിശ്ര പ്രണയങ്ങളും വിവാഹങ്ങളും കേരളത്തിലും ഇന്ത്യയിലും നടന്നിട്ടുണ്ട്. പല രാഷ്ട്രീയ, സാംസ്കാരിക നേതാക്കളും ഇങ്ങനെ വിവാഹിതരായവരാണ്. ഇസ്‌ലാമിന്റെ പ്രചാരണത്തിന് കേരളത്തിലേക്ക് വന്ന മാലിക് ദീനാറും സംഘവും വിവാഹം കഴിച്ചതും കേരളത്തിലെ

ഹിന്ദു സമുദായങ്ങളിൽനിന്നാണ്. നിർഭാഗ്യവശാൽ നമ്മുടെ പത്രമാധ്യമങ്ങൾ ഒറ്റപ്പെട്ട പ്രണയങ്ങൾക്ക് മതവർണം നൽകി സാങ്കൽപിക കഥകൾ മെനയുകയാണ്. മലപ്പുറം ജില്ലയെയും മുസ്‌ലിംകളെയും പ്രത്യേക രീതിയിൽ പാർശ്വവത്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്നത് സത്യമാണ്. ലോകക്കപ്പ് ഫുട്ബോൾ നടക്കുമ്പോൾ മലപ്പുറം ജില്ലയിൽ വിവിധ രാജ്യങ്ങളുടെ പതാകകൾ കെട്ടിയിട്ടുണ്ടാവും. അതിൽ പാകിസ്താന്റെ പതാകയുണ്ടായിരുന്നെങ്കിൽ (പാകിസ്താൻ ലോക ഫുട്ബോളിൽ പ്രവേശിച്ചാൽ) മലപ്പുറത്തിന്റെ ഫുട്ബോൾ ഭ്രാന്ത് 'മതഭ്രാന്തായി' മാധ്യമങ്ങൾ ചിത്രീകരിക്കുമായിരുന്നു.

# എന്തിനെയാണ് ഭീകരവാദമാക്കുന്നത്?

**കെ.എം സലീം കുമാർ**
(സെക്രട്ടറി, കേരള ദലിത് മഹാസഭ)



**കേരളത്തിൽ** രൂപപ്പെട്ട നവോത്ഥാനത്തിന്റെ ഘടനയിൽ തന്നെ പ്രവർത്തിക്കുന്നവയാണ് ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾ. ജാതി, സമുദായ ഘടനയിലധിഷ്ഠിതമായ രൂപഘടനയിലൂടെയാണ് നവോത്ഥാനം കേരളത്തിൽ നിലവിൽ വരുന്നത്. അതിനപ്പുറത്തേക്കുള്ള, 'പാരമ്പര്യ' നിഷേധത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രീയ ശൈലി കേരളത്തിൽ വികസിച്ചുവന്നിട്ടില്ല. ഓരോ വ്യക്തിയും വ്യത്യസ്തമായ മുഖങ്ങളോടു കൂടിയാണ് സമൂഹത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ ഏത് മുഖങ്ങളാണ് പരസ്പരം പ്രണയിക്കേണ്ടത്? സവർണ മൂല്യങ്ങൾ തന്നെയാണ് അവർണർക്കിടയിലും വ്യാപിക്കുന്നത്. തീവ്രവാദം എന്ന സംജ്ഞ കൂടി നമ്മൾ വിശകലന വിധേയമാക്കേണ്ടതുണ്ട്. ആയുധ പൂജയുടെ ദിനത്തിൽ നരേന്ദ്രമോഡി ആയുധങ്ങൾ പൂജിച്ചതായി നമ്മൾ വായിച്ചു. അക്ഷരവും ആയുധവും വിലക്കപ്പെട്ടവരുടെ ഒരു ലോകത്താണ് ആധിപത്യത്തിന്റെ പ്രത്യേക നിർമിതികൾ നടന്നുകൊണ്ടിരിക്കുന്നത്. ആധുനിക ഇന്ത്യയുടെ നിർമിതിയിൽ ദേശ, രാഷ്ട്ര ആധിപത്യത്തിന് ഹൈന്ദവ ചിന്താധാരയുമായിട്ടാണ് അടുപ്പമുള്ളത്. ഇന്ത്യൻ പൈതൃകത്തിൽനിന്ന് ഗാന്ധിജി അഹിംസ തെരഞ്ഞെടുത്തപ്പോൾ ഗോൾവാൾക്കർ തെരഞ്ഞെടുത്തത് ശക്തിയെ ആരാധിക്കുക എന്നതാണ്. ശക്തി ഹിംസാത്മകതയുടെ അടയാളമാണ്. അംബേദ്കർ തെരഞ്ഞെടുത്തത് ബൗദ്ധ ധാർമികതയായിരുന്നു. ദേശത്തിനു മേലുള്ള ആധിപത്യം സ്വന്തം വിശ്വാസത്തിലൂടെ മാത്രമേ സാധ്യമാവൂ എന്ന ചിന്ത ശക്തമാവുമ്പോഴാണ് തീവ്രവാദം രൂപപ്പെടുന്നത്. അംബേദ്കർ ശ്രമിച്ചത് ഇന്ത്യയിൽ ഉണ്ടാവുന്ന അധികാരഘടനയിൽ പ്രാതിനിധ്യം ഉറപ്പുവരുത്താനായിരുന്നു; സംഘ്ശക്തികൾ ശ്രമിക്കുന്നത് ആധിപത്യവും അധി

കാരവും ഉറപ്പുവരുത്തുന്നതിന് വേണ്ടിയും. ഇവിടെയാണ് തീവ്രവാദം രൂപപ്പെടുന്നത്. മാവോവാദികൾ, സിഖ് തീവ്രവാദികൾ, ഇസ്‌ലാമിക തീവ്രവാദികൾ എല്ലാം രൂപപ്പെടുന്നത് സ്വന്തം വിശ്വാസങ്ങളിലൂടെ മാത്രമേ ആധിപത്യം സംരക്ഷിക്കാനാവൂ എന്നു കരുതുമ്പോഴാണ്. ദലിത് തീവ്രവാദവും ഉണ്ടാവുന്നത് അങ്ങനെയാണ്. യഥാർഥത്തിൽ ഈ സമൂഹങ്ങളൊന്നും ആധിപത്യങ്ങൾക്ക് വേണ്ടിയല്ല ശ്രമിച്ചത്; പ്രാതിനിധ്യങ്ങൾക്ക് വേണ്ടിയാണ്. അതിനെ ഭീകരവാദവും തീവ്ര വാദവുമാക്കാനുള്ള ശ്രമങ്ങളാണ് മുഖ്യ രാഷ്ട്രീയ കക്ഷികളും മാധ്യ മങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്.

# നവോത്ഥാന മൂല്യങ്ങളിലേക്ക് തിരിച്ചുവരണം

**എം.എം നാരായണൻ**
(സി.പി.എം)



**നിരുപാധിക** പ്രണയങ്ങൾക്കു വേണ്ടി ശബ്ദി ക്കുന്ന ആരുടെ കൂടെ നിൽക്കാനും ഇടതുപക്ഷം തയാറാണ്. സാമുദായിക, മതമൗലികവാദികൾ നിരുപാധിക പ്രണയങ്ങളുടെ കാലന്മാരാണ്. മതേ തരത്വത്തിന്റെ ഇടമുറിയാത്ത പാരമ്പര്യമുള്ള പൊന്നാനിയിലെ കലാലയങ്ങളിൽ പോലും സാമു ദായികവും വർഗീയവുമായ സംഘടനകൾ ശക്തി പ്പെട്ടുവരുന്നു. ഒരു മുസ്‌ലിം ആൺകുട്ടി ഒരു ഹിന്ദു പെൺകുട്ടിയോട് സംസാരിക്കുന്നത് തടസ്സപ്പെടുത്തു ന്നതു പോലെ, ഒരു ഹിന്ദു ആൺകുട്ടി മുസ്‌ലിം പെൺകുട്ടിയോട് സംസാരിക്കുന്നത് വിലക്കുന്ന സംഘടനകളും കേരളത്തിലെ കലാ ലയങ്ങളിൽ ഉണ്ട്. ഒരു കാലഘട്ടത്തിന്റെ പ്രബുദ്ധതയുടെ പരിഛേദ മാവേണ്ട കാമ്പസുകൾ മതവർഗീയ ശക്തികളുടെ ഒളിത്താവളങ്ങ ളായി മാറിയിരിക്കുന്നു.

പരമ്പരാഗതമായ സ്വത്വബോധത്തിൽനിന്ന് ആധുനികമായ സ്വത്വബോധത്തിലേക്കുള്ള അപനിർമാണമാണ് നവോത്ഥാനം. ജാതി പേരുകളിൽ മാത്രം നിർമിക്കപ്പെട്ടതിനെ അപനിർമിക്കലായിരുന്നു കേരളത്തിൽ നവോത്ഥാനമായി രൂപപ്പെട്ടത്. അംബേദ്കറുടെ കർമ ഭൂമിയും ജന്മഭൂമിയുമായ മഹാരാഷ്ട്രയിൽ അടിസ്ഥാന വർഗത്തിന്റെ സ്ഥിതിയെന്താണ്? താഴ്ന്ന ജാതിക്കാരായ കുട്ടികൾക്ക് പഠിക്കാൻ പോലും അവസരം നിഷേധിക്കുന്ന, അവർ ഇരുന്ന ഇരിപ്പിടങ്ങളിൽ ശുദ്ധി ചെയ്തതിനു ശേഷം മാത്രം ഇരിക്കുന്ന ഒരു സംസ്ഥാനമാണ് മഹാരാഷ്ട്ര.

ദ്രാവിഡ രാഷ്ട്രീയത്തിന്റെ ശക്തികേന്ദ്രമായ തമിഴ്നാട്ടിൽ താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കാനോ ഉയർന്ന ജാതി ക്കാർ നടന്ന വഴിയിലൂടെ നടക്കാനോ കഴിയുന്നില്ല. ദലിതന്റെ മുഖ്യ

മന്ത്രിയായ മായാവതി ഭരിക്കുന്ന യു.പിയിലെയും സ്ഥിതി മറിച്ചല്ല. അതുകൊണ്ട് കേരളത്തിൽ ദലിതനും ആദിവാസിയും നേടിയ ഉന്നതിക്ക് നവോത്ഥാനത്തോടും ഇടതുപക്ഷ പുരോഗമന ചിന്താഗതികളോടും കടപ്പെടേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ പുരോഗതിയുടെ തടസ്സം ജാതികളായിരുന്നുവെന്ന് ആദ്യം കണ്ടെത്തിയത് കാൾ മാർക്സ് തന്നെയായിരുന്നു. ജാതിയിൽനിന്ന് വർഗത്തിലേക്ക് മാറി യൂനിറ്റാവാതെ വിമോചനം സാധ്യമല്ല എന്ന് മാർക്സ് തന്നെയാണ് പ്രസ്താവിച്ചത്. ഇടതുപക്ഷ പാർട്ടികൾക്ക് ഒരുപാട് പരിമിതികളുണ്ടെങ്കിലും, അടിമത്തം ഉന്മൂലനം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിലും അതിന്റെ ഭാരം കുറക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാവരും ഒന്നിച്ചു നിൽക്കുന്ന ആധുനിക നവോത്ഥാന മൂല്യങ്ങൾക്ക് മാത്രമേ അധഃസ്ഥിതരുടെ വിമോചനം സാധ്യമാക്കാനാവൂ.

# വഞ്ചനയിൽ പെടുത്തി ആളെ കൂട്ടുന്നതെന്തിന്?

**പ്രഫ. എ.പി അബ്ദുൽ വഹാബ്**
(ഐ.എൻ.എൽ സംസ്ഥാന സെക്രട്ടറി)




**അന്യമതങ്ങളിലുള്ളവർ** തമ്മിൽ പ്രണയിക്കുന്നത് ഇന്ത്യയിൽ പുതിയ സംഭവമല്ല. മൻസൂർ അലി പട്ടോഡിയും ശർമിള ടാഗോറും, രാജീവ് ഗാന്ധിയും സോണിയ ഗാന്ധിയും, ഫിറോസ് ഗാന്ധിയും ഇന്ദിരാഗാന്ധിയും തുടങ്ങി നിരവധി സംഭവങ്ങൾ കാണാൻ കഴിയും.

പക്ഷേ, അന്നൊന്നുമില്ലാതിരുന്ന വിവാദങ്ങൾ ഇപ്പോൾ ഉടലെടുക്കാനുള്ള പ്രധാന കാരണം മീഡിയയാണ്. പ്രിന്റ്, വിഷ്വൽ മീഡിയകളധികവും ഈ പ്രചാരണത്തിൽ ഒരു ഭാഗത്ത് നിലയറപ്പിക്കുന്നതായിരുന്നു. പത്രങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അമേരിക്കൻ-സ്പാനിഷ് യുദ്ധം പത്രങ്ങൾ സൃഷ്ടിച്ചതായിരുന്നു. ഗുജറാത്തിലെ *സമാചാർ, സന്ദേശ്* തുടങ്ങിയ പത്രങ്ങൾ എഴുതിവിട്ട പച്ചക്കളങ്ങളായിരുന്നു അവിടത്തെ വർഗീയകലാപത്തിന് ഹേതുവായത്. ആംനസ്റ്റി ഇന്റർനാഷനലും പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയും അതിനെ നിശിതമായി വിമർശിച്ചപ്പോൾ സർക്കുലേഷന്റെ പേര് പറഞ്ഞ് അവർ ഒഴിവാകുകയായിരുന്നു. മലയാളത്തിലെ മുത്തശ്ശി പത്രങ്ങൾക്കും സർക്കുലേഷൻ മാനിക്കുകൾ ബാധിച്ചിരിക്കുന്നു. അതിനുവേണ്ടി മനുഷ്യത്വം, സഹിഷ്ണുത, കാരുണ്യം എന്നീ ഗുണങ്ങൾ വിൽപനക്ക് വെക്കാൻ അവർ തയാറാണ്. അതിവേഗ വാർത്താ പ്രചാരണങ്ങൾ ഉപയോഗപ്പെടുത്തി നമ്മുടെ മാധ്യമങ്ങൾ ഫ്യൂഡലിസത്തെയാണ് സഹായിച്ചുകൊണ്ടിരിക്കുന്നത്. വഞ്ചനയിൽ പെടുത്തി ആളെ കൂട്ടേണ്ട ഒരവസ്ഥ ഇസ്‌ലാമിന് നിലവിലില്ല. അന്യ മതസ്ഥർക്കിട

യിലെ പ്രണയ വിവാഹങ്ങളെ നിരുപാധികമായി സ്വീകരിക്കാൻ മഹല്ലുകൾ തയാറുമല്ല. മുസ്‌ലിം മഹല്ലുകൾ വിവാഹം, വിവാഹമോചനം എന്നിവയിൽ അതീവ ജാഗ്രത പുലർത്തുമ്പോൾ ഇത്തരത്തിലുള്ള ഹിഡൻ അജണ്ടകൾ സമുദായത്തിലുണ്ടാവുമെന്ന് പ്രചാരിപ്പിക്കുന്നത് തികഞ്ഞ അജ്ഞതയാണ്.

## സ്ത്രീ സംഘടനകൾ പ്രതികരിക്കാത്തതെന്ത്?

**കെ.പി സൽവ**
(ജി.ഐ.ഒ)




**നിരുപാധിക** പ്രണയങ്ങളെ എതിർക്കാനോ അവയെ അംഗീകരിക്കാനോ നമുക്ക് സാധ്യമല്ല. താടിയും തൊപ്പിയും ഭീകരതയുടെ ചിഹ്നങ്ങളാക്കുമ്പോൾ മുഖ്യധാരാ പാർട്ടികൾക്ക് എന്താണ് പറയാനുള്ളത്? ഇടതുപക്ഷം വർഷങ്ങളായി ഭരിച്ചുകൊണ്ടിരിക്കുന്ന ബംഗാളിൽ പോലും ഇതിന് മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. അധികാരങ്ങളാണ് ഭീകരവാദവും തീവ്രവാദവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തിന്റെ ചാരനായിരുന്ന അഫ്സൽഗുരു ഭീകരവാദിയായി അവതരിക്കുന്നത് ഇങ്ങനെയാണ്.

അധഃസ്ഥിതർക്കിടയിൽ ആരോപണങ്ങളിലൂടെ ഭിന്നിപ്പ് സൃഷ്ടിക്കുക എന്നതും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ പെട്ടതാണ്. ദലിത് എഴുത്ത്, സാഹിത്യം, സമരം തുടങ്ങിയവ അവരിൽനിന്നുതന്നെ ഉയർന്നുവന്നതാണ്. ദലിത് തീവ്രവാദം അവരുടെ മേൽ ആരോപിക്കപ്പെട്ടതാണ്. മാധ്യമങ്ങൾ ലാഭങ്ങളുടെ പിന്നാലെ പോകുന്നവരാണ്. കോഴിയുടെ ഓരോ ഭാഗവും എങ്ങനെ കച്ചവട വസ്തുവാക്കാം എന്ന് ചിന്തിക്കുന്ന കോഴിക്കച്ചവടക്കാരെപ്പോലെയാണ് മാധ്യമങ്ങൾ എന്ന് ഒരു ചാനലുടമ തന്നെ വിശേഷിപ്പിച്ചിട്ടുണ്ട്. പ്രണയത്തെ ചേർത്തുനിർത്തുന്നതോടെ സംഗതി വ്യക്തമാണ്. പെൺകുട്ടികളുടെ അവകാശങ്ങളെ ഇതിലൂടെ ചവിട്ടിയരക്കുമ്പോഴും സ്ത്രീ സംഘടനകളും ഫെമിനിസ്റ്റുകളും പ്രതികരിക്കാതിരിക്കുന്നത് അത്ഭുതകരമാണ്.

## 'ദലിത് തീവ്രവാദം' ഇടതുപക്ഷ നിർമിതി

**ശിഹാബ് പൂക്കോട്ടൂർ** (എസ്.ഐ.ഒ)

**അപരവത്കരിക്കപ്പെടുന്നവരുടെ** രാഷ്ട്രീയ ഉയിർത്തെഴുന്നേൽപുകളെ പ്രതിരോധിക്കാനുള്ള എളുപ്പവഴികളാണ് ദലിത് തീവ്രവാദം, ലൗ ജിഹാദ് തുടങ്ങിയ പ്രയോഗങ്ങൾ. ചരിത്രത്തിന്റെ അപനിർമിതികളിലൂടെയാണ് ചില പദങ്ങൾ വ്യവഹരിക്കപ്പെടുന്നത്. 'ജിഹാദ്' അത്തരത്തിൽ




രൂപപ്പെട്ടതാണ്. യൂറോ-അമേരിക്കൻ കേന്ദ്രിതമായ ചരിത്രമെഴുത്തിൽ ആഫ്രിക്ക, മധ്യ പൗരസ്ത്യ ഇസ്‌ലാം എന്നിവ അത്തരത്തിൽ അപനിർമിക്കപ്പെട്ട പ്രദേശങ്ങളാണ്. ആധുനികതയെ ഉൾക്കൊള്ളാൻ ശേഷിയില്ലാത്തവരായിട്ടാണ് ആഫ്രിക്കയെ ചിത്രീകരിക്കുന്നതെങ്കിൽ, മധ്യ പൗരസ്ത്യ ഇസ്‌ലാമിനെ അടയാളപ്പെടുത്തുന്നത് ആധുനികതയെ സ്വീകരിക്കാൻ ശേഷിയില്ലാത്തവരായി മാത്രമല്ല, പ്രതിരോധകർ കൂടിയായാണ്. നവനാഗരികതകളോടുള്ള വെറുപ്പ് മുസ്‌ലിംകളുടെ സ്വഭാവമായി രൂപപ്പെടുത്തുകയുമുണ്ടായി. ആഗോളതലത്തിൽ മുസ്‌ലിം നേതാക്കന്മാരെ വശത്താക്കാൻ വേണ്ടി കുരിശുയുദ്ധാനന്തരം ക്രൈസ്തവാധിപത്യമുള്ള യൂറോപ്പ് വലിയ ചാരശൃംഖലകൾക്ക് രൂപംനൽകി. മുസ്‌ലിം ശൈഖുമാരെക്കൊണ്ട് ജൂത, ക്രൈസ്തവ സ്ത്രീകളെ വിവാഹം കഴിപ്പിക്കുന്നതിന് ഈ പദ്ധതികളിലൂടെ സാധിച്ചു.

മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങളിലൂടെയാണ് ഇന്ത്യൻ ചരിത്രമെഴുത്തിൽ ബ്രാഹ്മണിക്കൽ മേധാവിത്വം മറനീക്കി പുറത്തുവരുന്നത്. മുസ്‌ലിം/ദലിത് സംഘടനകൾ, വ്യക്തികൾ കലാലയങ്ങളിലും സമൂഹത്തിലും കർതൃസ്ഥാനങ്ങളിലേക്ക് വരുമ്പോൾ അവരെ അയിത്തമാരോപിച്ച് മാറ്റിനിർത്താനുള്ള ചില പദാവലികളാണ് ലൗ ജിഹാദും ദലിത് തീവ്രവാദവും. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ഇതിൽ കക്ഷിചേർന്ന് പ്രതിനിധീകരിക്കുന്നത് സംഘ്പരിവാരത്തിന്റെ പൊതുബോധമായ സവർണതയെയാണ്. കേരളത്തിലെ കലാലയങ്ങളെ വർഗീകരിച്ച് ഹിംസാത്മകവും വിഷലിപ്തവുമായ രാഷ്ട്രീയ അജണ്ടകൾ നടപ്പാക്കാനുള്ള സംഘ്പരിവാറിന്റെ ശ്രമങ്ങൾക്ക് തടയിട്ടേ മതിയാവൂ. വർഗാടിസ്ഥാനത്തിലല്ലാതെ ജാതി അടിസ്ഥാനത്തിൽ സംഘടിച്ച ചെങ്ങറ പോലത്തെ സമരങ്ങൾ കേരളത്തിൽ വിജയം കാണാൻ തുടങ്ങിയപ്പോൾ ഇടതുപക്ഷ പാർട്ടികളുടെ കുബുദ്ധിയാണ് ദലിത് തീവ്രവാദം എന്ന പ്രയോഗത്തിലൂടെ പുറത്ത് വന്നത്. അധഃസ്ഥിതരോടുള്ള പുരോഗമന പ്രസ്ഥാനങ്ങളുടെ സമീപനങ്ങളാണ് ഇതിലൂടെ വെളിവാകുന്നത്.

# ഇടതുപക്ഷത്തിന്റേത് സവർണ പൊതുബോധം

**സുന്ദർരാജ്**
(പരിസ്ഥിതി പ്രവർത്തകൻ)

**അസുരനായ** മഹാബലിയെ ചവിട്ടിത്താഴ്ത്തിയാണ് കേരള ചരിത്രം തുടങ്ങുന്നത്. അവർണരുടെ പരിമിതമായ അധികാരങ്ങൾ തട്ടിയെടുക്കാനും അവരെ വായടപ്പിക്കാനുമാണ് കേരളത്തിൽ സവർണർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കമ്യൂണിസ്റ്റ് പാർട്ടിയിൽ ആദ്യമായിട്ടാണ് ഒരു ഈഴവ മുഖ്യമന്ത്രിയുണ്ടാവുന്നത്. അദ്ദേഹത്തെ മിണ്ടാൻ അനുവദിക്കാതിരിക്കുന്നത് ഇട

തുപക്ഷത്തിന്റെ സവർണ പൊതുബോധംകൊണ്ടാണ്. ഭൂപരിഷ്കരണത്തിലൂടെ അഞ്ചു സെന്റ് ഭൂമി നിൽകി, വിമോചന സമരം കഴിഞ്ഞ് വിശ്രമിക്കുന്ന കോൺഗ്രസ്സിനെപ്പോലെ കിടന്നുറങ്ങുകയാണ് സി.പി.എം. ഇസ്ലാമിക സ്വത്വബോധത്തിലധിഷ്ഠിതമായ രാഷ്ട്രീയ മുന്നേറ്റങ്ങളെയും അവർ തടഞ്ഞുനിർത്തുന്നു. ഇ.എം.എസ്സിന്റെ നാട്ടിൽ- അദ്ദേഹമാണ് ഭൂപരിഷ്കരണം കൊണ്ടുവന്നത്- ആദിവാസി/ ദലിതുകളുടെ ഭൂസമരങ്ങൾ ശക്തിപ്പെട്ടപ്പോൾ അത് നേടിയെടുക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ അവിടെ യാരും കണ്ടില്ല. സോളിഡാരിറ്റിയാണ് ആ സമരം ഏറ്റെടുത്തത്. അതുകൊണ്ടാണ് അവരെ തീവ്രവാദികളാക്കാൻ പുരോഗമനവൃത്തം ശ്രമിക്കുന്നത്. സായ്പ് കൊണ്ടുവന്നതല്ലാത്ത എന്ത് നവോത്ഥാനമാണ് ഇവിടെയുള്ളത്? പാവപ്പെട്ടവന്റെ ജീവിക്കാനുള്ള അവകാശങ്ങൾ നിഷേധിക്കുന്ന വികസന നയങ്ങളാണ് ഇവിടെ നവോത്ഥാനമായി ആഘോഷിക്കുന്നത്. അധഃസ്ഥിതർക്ക് ചിരട്ടയിൽ ചായയും കള്ളും കൊടുക്കുന്നതുപോലെയാണ് സംവരണ സീറ്റുകൾ ഇടതുപക്ഷം ഇവർക്ക് നൽകുന്നത്. ജനറൽ സീറ്റിൽ ഒരു ദലിതനെ മത്സരിപ്പിക്കാൻ ഇടതുപക്ഷത്തിന് കഴിയുകയില്ല. വക്കം പുരുഷോത്തമൻ കയറിയ ലിഫ്റ്റിൽ മന്ത്രി കുട്ടപ്പനെ കയറ്റാൻ വിസമ്മതിച്ച അതേ അയിത്തബോധം തന്നെയാണ് രാഷ്ട്രീയ നേതൃത്വത്തിൽ ഇപ്പോഴുള്ളത്. സിംഗൂരിലും നന്ദിഗ്രാമിലും വധിക്കപ്പെട്ടത് മുസ്ലിംകളും ദലിതരുമാണ്. ബംഗാളിൽ 7.2 ശതമാനം വരുന്ന ബ്രാഹ്മണരാണ് അധികാരത്തിലുള്ളത്. ജ്യോതിബസുവെന്ന ബ്രാഹ്മണന് പകരം ബുദ്ധദേവ് ഭട്ടാചാര്യയെന്ന ബ്രാഹ്മണന് അധികാരം ലഭിച്ചു. തീവ്രവാദം ഉണ്ടാവുന്നത് തീവ്രമായ ജീവിതത്തിന്റെ പ്രകാശനം നടക്കുമ്പോഴാണ്. ചരിത്രത്തിൽ ഉടനീളം ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരാളെ ആട്ടിയോടിക്കാൻ നികൃഷ്ടമായ പദങ്ങൾ രൂപപ്പെടുത്തുന്നതിനെ തിരിച്ചറിയുകയും ചെറുക്കുകയും ചെയ്യുമ്പോൾ വലിയ രാഷ്ട്രീയ മുന്നേറ്റം സാധ്യമാവും.

## മതപരിവർത്തനത്തിന് ചെപ്പടി വിദ്യകൾ വേണ്ട

**ഡോ. കൂട്ടിൽ മുഹമ്മദലി**
(സംസ്ഥാന സമിതിയംഗം ജമാഅത്തെ ഇസ്ലാമി)




**പദപ്രയോഗങ്ങളുടെ** അർഥശൂന്യതയും അർഥപൂർണതയും ഒരുപോലെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ചില പദങ്ങൾ ബോധപൂർവം ഉപയോഗിക്കപ്പെടുന്നു. ഇംഗ്ലീഷ് വാക്കായ 'ലൗ'ഉം അറബി പദമായ 'ജിഹാദ്'ഉം കൂട്ടിയോജിപ്പിച്ചത് ഈ അർഥത്തിലാണ്. ബോംബ് സ്ഫോടനം, കൊലപാതകം എന്നീ അർഥങ്ങളിലാണ് ജിഹാദ് ലോകതലത്തിൽ തന്നെ ഉപയോ

ഗിക്കുന്നത്. അതിനുള്ള പ്രായശ്ചിത്തമായിട്ടല്ല 'ലൗ' എന്ന പദം അതിന്റെ കൂടെ ചേർത്തത്. മറിച്ച് കൂടുതൽ രൂക്ഷമായ ചില വിവാദങ്ങൾ ബോധപൂർവം സൃഷ്ടിക്കാൻ വേണ്ടിയാണ്. സ്നേഹ ഫിനാൻസ് കമ്പനി എന്ന് പലിശ സ്ഥാപനത്തിന് പേര് വെക്കുന്നതുപോലെ, കരുണാ ബ്ലേഡ് കമ്പനി എന്നു പറയുന്നതുപോലെ. ഇതിനെ പത്രങ്ങൾ ഏറ്റെടുത്ത് പ്രചരിപ്പിക്കുകയാണ്.

അപകടകരമായ ഒരു സംഗതി കൂടി ഇതിന്റെ പിന്നിലുണ്ട്. ഇസ്‌ലാമിലേക്ക് ഒരാൾ വരണമെങ്കിൽ ഇത്തരം വഞ്ചനയുടെയും കുറുക്കുവഴികളുടെയും മാർഗം സ്വീകരിച്ചാൽ മാത്രമേ സാധിക്കൂ എന്നാണിവിടെ പറഞ്ഞുവെക്കുന്നത്. ആഗോളതലത്തിൽ തന്നെ പ്രശസ്തരായ നിരവധി ആളുകൾ തെരഞ്ഞെടുത്ത ഒരു മതത്തെ അത്യന്തം കൊച്ചാക്കുന്ന ഏർപ്പാടു കൂടിയാണ് നമ്മുടെ മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. *മനോരമ*യും *മാതൃഭൂമി*യും ഇക്കാര്യത്തിൽ പരസ്പരം മത്സരിക്കുകയാണ്. ഇസ്‌ലാമിലേക്ക് ഇത്തരം ചെപ്പടി വിദ്യകളിലൂടെ ആളെ കൂട്ടേണ്ട ആവശ്യമില്ല. അത് വളരെ വ്യക്തമായ ഒരു വഴിയാണ്. ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കുമെതിരാവുമ്പോൾ തെറ്റായ കാര്യങ്ങൾ വരെ പത്രങ്ങൾക്ക് പ്രമാണമായിത്തീരും. ഒരു വ്യാജ തെളിവു പോലും ഹാജരാക്കാൻ അവർക്ക് കഴിയുകയുമില്ല. ഒരു പ്രവാചക വചനത്തിൽ, ഹിജ്റ ചെയ്യുന്നവരുടെ വിവിധ ഉദ്ദേശ്യങ്ങൾ വിവരിക്കുന്നുണ്ട്. ദൈവപ്രീതിയും പ്രവാചകാനുസരണവും മാത്രമാണ് ഏറ്റവും വലിയ പലായനം. പെണ്ണിനെ ഉദ്ദേശിക്കുന്നതിനെ ഹിജ്റയും ജിഹാദുമായി കണക്കാക്കുകയില്ല എന്നാണ് പ്രവാചകൻ പറയുന്നത്. യുദ്ധമെന്നത് ജിഹാദിന്റെ ഒരർഥം മാത്രമാണ്. മുഴുവൻ ത്യാഗപരിശ്രമങ്ങളെയും കുറിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്. മണിയറയിൽനിന്ന് ജിഹാദിന് പോയ ചരിത്രമാണ്, അല്ലാതെ ജിഹാദിൽനിന്ന് മണിയറയിലേക്ക് പോയ ചരിത്രം ഇസ്‌ലാമിനില്ല. പളപ്പളപ്പുകളായിരുന്നില്ല, ത്യാഗങ്ങളായിരുന്നു ജിഹാദിന്റെ മാനദണ്ഡങ്ങൾ.

നിലവിലെ അധികാരഘടനയിൽനിന്ന് വലിച്ചെറിയപ്പെട്ടവരാണ് ഇവിടത്തെ പിന്നാക്ക ന്യൂനപക്ഷം. 1947-ൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചു. ആറു പതിറ്റാണ്ട് പിന്നിട്ടിട്ടും പിന്നാക്ക വിഭാഗങ്ങളുടെ ശാക്തീകരണം സാധിച്ചിട്ടില്ല. തുടർച്ചയായ നീതിനിഷേധങ്ങൾ ഏതൊരു സമൂഹത്തെയും പ്രകോപനത്തിലേക്ക് നയിക്കാവുന്നതാണ്. അതുകൊണ്ട് അവർക്കവകാശപ്പെട്ടതിനെ വകവെച്ചുകൊടുക്കാൻ അധികാര ഘടനയിലുള്ള മുഴുവൻ ചിഹ്നങ്ങളും തയാറാവേണ്ടതുണ്ട്. ■

തയാറാക്കിയത്:

**ഹൂക്കോ**

(എസ്.ഐ.ഒ ജില്ലാ കമ്മിറ്റി മലപ്പുറത്ത് നടത്തിയ സെമിനാറിൽനിന്ന്)